# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1034

10.02.2016-ൽ മറുപടിക്ക്

## ഉത്തരവാദിത്ത ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുന്നതിന് നോഡൽ ഏജൻസിയായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) 2011 ജൂൺ മുതൽ ടൂറിസം വകുപ്പിനു വേണ്ടി നോഡൽ ഏജൻസി എന്ന നിലയിൽ കിറ്റ്സാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നത്. |
| (ബി) എങ്കിൽ കിറ്റ്സ് ഇതുവരെ പ്രസ്തുത മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഉണ്ട്.<br>1. പ്രവർത്തനം സമ്പൂർണ്ണമായി പുനരാംരംഭിക്കേണ്ടിയിരുന്ന കുമരകം, തേക്കടി, വൈത്തിരി, കോവളം എന്നീ നാലു കേന്ദ്രങ്ങളിലും 2011 മുതൽ 2016 ജനുവരി വരെയായി പ്രവർത്തനം മികച്ച രീതിയിൽ എത്തിക്കുവാൻ കിറ്റ്സിന് കഴിഞ്ഞിട്ടുണ്ട്. തന്മൂലം 2014-15 വർഷത്തെ ഉത്തരവാദിത്ത ടൂറിസം ദേശീയ അവാർഡും 2015-ലെ പാറ്റാ സി.ഇ.ഒ ചലഞ്ച് അവാർഡും തേക്കടിക്ക് ലഭിച്ചു. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി ആകെ 1510 കുടുംബങ്ങൾ ഗുണഭോക്താക്കളും തദ്ദേശതലത്തിൽ 6.73 കോടിരൂപ വിറ്റുവരവും ഉണ്ടായിട്ടുണ്ട്.<br>2. ഐക്യരാഷ്ട്ര സംഘടനയുടെ ടൂറിസം സംഘടനയായ UNWTO യുടെ യുലീസസ് അവാർഡ് 2013-ൽ ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് നേടാനായി. |

(തുടർച്ച...)

3. സാമൂഹികം, സാമ്പത്തികം, പാരിസ്ഥിതികം എന്നീ മേഖലകളിൽ ഉത്തരവാദിത്ത ടൂറിസത്തിന്റെ അനന്തസാധ്യതകൾ ഉൾക്കൊണ്ടുള്ള പ്രവർത്തനം നടത്തുവാൻ കഴിഞ്ഞതു വഴി ലോക ഉത്തരവാദിത്ത ടൂറിസം മോഡലായി കേരളം (കുമരകം) ഉയർന്നു.

| | |
|---|---|
| (സി) ഇതിനായി ഖജനാവിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) 2011 മുതൽ 2015 വരെ 6.47 കോടി രൂപ ഈ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്. അതിൽ നാളിതുവരെ 5.22 കോടി രൂപ ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. |

Anuradha

**സെക്ഷൻ ഓഫീസർ**